പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2010. 05.10.2016-ൽ മറുപടിക്ക്

**ചില്ലറ വിപണന കേന്ദ്രങ്ങളിലെ തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| --- | --- |
| (എ) വസ്ത്രവ്യാപാരശാലകൾ ഉൾപ്പെടെയുള്ള ചില്ലറ വിപണന കേന്ദ്രങ്ങളിലെ ജീവനക്കാർ 12 മണിക്കൂറിൽ അധികം ജോലി ചെയ്യുന്നുവെന്നതും ഈ സ്ഥാപനങ്ങളിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കപ്പെടുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.നിയമലംഘനങ്ങൾ കണ്ടെത്തുന്നപക്ഷം നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിൽ ഈ വർഷം സംസ്ഥാന മൊട്ടാകെ 400 കേസുകളും 85 ക്ലെയിം പെറ്റീഷനുകളും തൊഴിൽ വകുപ്പ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) വനിതകൾ ഉൾപ്പെടെയുള്ള ജീവനക്കാർ ജോലി ചെയ്യുന്ന ഷോപ്പിംഗ് മാളുകളിലെ ജീവനക്കാർക്ക് നൽകിയിട്ടുള്ള താമസസൗകര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ തൃപ്തികരമല്ലാത്ത സൗകര്യങ്ങൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (ബി) പരിശോധിച്ചിട്ടുണ്ട്. 1960-ലെ ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. 16.09.2015-ലെ ജി.ഒ (പി) നമ്പർ 134/2015/തൊഴിൽ നമ്പർ ഉത്തരവിൽ തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമ സ്ഥലം നൽകണമെന്നും സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ലാട്രിൻ/ യൂറിനൽ സംവിധാനം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 20 -ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ക്രഷ് സൗകര്യം നൽകണമെന്നും സ്ത്രീ / പുരുഷ തൊഴിലാളികൾക്ക് സൗജന്യമായി താമസ സൗകര്യം നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി |

പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇത്തരം തൊഴിലാളികൾക്ക് ഇ.എസ്.ഐ., ഇൻഷ്വറൻസ്, ചികിത്സാനുകൂല്യങ്ങൾ എന്നിവ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (സി) | സ്ഥാപന പരിശോധനാ വേളയിൽ ഇ.എസ്.ഐ ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ തൊഴിലാളികളെ സ്കീമിൽ അംഗമാക്കാതിരിക്കുകയോ ഇതുമായി ബന്ധപ്പെട്ട് മറ്റ് പരാതികളോ ശ്രദ്ധയിൽപ്പെടുന്നപക്ഷം തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, ആയത് ഇ.എസ്.ഐ. പി.എഫ് തുടങ്ങിയവ കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ